LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മനോരോഗ വിഭാഗത്തിൽ നടത്തിവരുന്ന കോഴ്സുകളും അവയുടെ പ്രസക്തിയും

161 [1688] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മനോരോഗ വിഭാഗത്തിൽ നടത്തിവരുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ സൈക്കോളജി, പി. ജി. ഡിപ്ലോമ ഇൻ സൈക്യാട്രിക് സോഷ്യൽ വർക്ക് എന്നീ കോഴ്സുകൾ പാസായവർക്ക് സർക്കാർ മേഖലയിലുള്ള തൊഴിൽ സാധ്യതകൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ഉദ്യോഗങ്ങൾക്ക് ഈ കോഴ്സുകൾ അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ കോഴ്സുകൾ നടത്തുന്നതിന്റെ പ്രസക്തി എന്താണെന്ന് വിശദമാക്കുമോ;

(സി) ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികളിലെ നിയമനത്തിന് ഈ കോഴ്സുകൾ നിർബന്ധമാക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടില്ല.

(ബി) ആന്റ് (സി) ഒരു ഉദ്യോഗങ്ങൾക്കും ഈ കോഴ്സുകൾ അടിസ്ഥാനയോഗ്യതയായി അംഗീകരിച്ചിട്ടില്ല. ക്ളിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകൾക്ക് മേൽ കോഴ്സുകൾ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ യൂറോളജി വിഭാഗം ആധുനികവൽക്കരിക്കാൻ നടപടി

162 [1689] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05-ൽ ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജിലും യഥാക്രമം എത്ര വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടന്നുവെന്ന് അറിയിക്കാമോ ;

(ബി) ഈ ആശുപത്രികളിൽ യൂറോളജി വിഭാഗത്തിൽ എത്ര രോഗികൾ വീതം അഡ്മിറ്റ് ചെയ്യപ്പെട്ടുവെന്നും അവരിൽ എത്രപേരെ ഓപ്പറേഷൻ സൗകര്യമില്ലാത്തതിനാൽ ഒഴിവാക്കിയെന്നും അറിയിക്കാമോ ;

(സി) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ പരിശീലനം കിട്ടിയ ഡോക്ടർമാരേയും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) മെഡിക്കൽ കോളേജുകളിലെ യൂറോളജി വിഭാഗത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിൽ ഉന്നത പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട്—23 (ഇരുപത്തിമൂന്ന്), കോട്ടയം—3 (മൂന്ന്).

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ യൂറോളജി വിഭാഗത്തിൽ 1100 പേരെയും കോട്ടയം മെഡിക്കൽ കോളേജിൽ 873 പേരെയും അഡ്മിറ്റു ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസംതോറും 8 രോഗികൾവരെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ളവരായി വരാറുണ്ട്. ഒരു മാസത്തിൽ 2 വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ മാത്രമേ അനസ്തേഷ്യാ ഡോക്ടർമാരുടെ കുറവുമൂലം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതുമൂലം ഓരോ രോഗിക്കും ആറു മാസത്തോളം വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കായി കാത്തിരിക്കേണ്ടിവരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ 2004-05 വർഷത്തിൽ മൂന്ന് ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.

(സി & ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിൽ ഇപ്പോഴുള്ള ഡോക്ടർമാരിൽ ഒരാൾ ഒഴികെ മറ്റെല്ലാവരുംതന്നെ സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യത ഉള്ളവരാണ്. ഇവരിൽ അഞ്ചുപേർ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അനുഭവ സമ്പത്തുള്ളവരാണ്. മൂന്നുപേർ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ഉന്നതപരിശീലനം നേടിയവരാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ അനാസ്ഥ

163 [1690] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി മാധവി w/o എൻ. പി. ഭാസ്കരൻ, അമ്മാണിതാഴത്ത് പി. ഒ., പെരുവയൽ, കോഴിക്കോട് എന്നയാളെ ചികിത്സിച്ച കോഴിക്കോട് മെഡിക്കൽ കോളേജ് അധികൃതരുടെ അനാസ്ഥ സംബന്ധിച്ച് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതി സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly